# 13620 120 MINUTES

1. എഴുത്തച്ഛന്റെഅദ്ധ്യാത്മ രാമായണത്തിന്റെമൂലകൃതി ഏത്?
   A) വാല്മീകി രാമായണം  B) തുളസീദാസ രാമായണം
   C) കമ്പ രാമായണം  D) അദ്ധ്യാത്മ രാമായണം

2. കുഞ്ചൻ നമ്പ്യാർക്ക് സമകാലീനനായിരുന്ന കവി
   A) ചെറുശ്ശേരി  B) മാധവപ്പണിക്കർ
   C) ഉണ്ണായി വാര്യർ  D) കുട്ടമത്ത്

3. വൈത്തിപ്പട്ടർ ഏതുനോവലിലെ കഥാപാത്രം?
   A) സുകുമാരി  B) അയൽക്കാർ
   C) ശാരദ  D) ഇന്ദുലേഖ

4. സി.വി.രാമൻപിള്ള എഴുതിയ പ്രഹസനം
   A) ചന്ദ്രമുഖീ വിലാസം  B) ബിഎ മായാവി
   C) പെണ്ണരശുനാട്  D) കവിതക്കേസ്

5. ആദ്യമായി മനോവിജ്ഞാനീയത്തിന്റെ ആശയാവലികൾ മലയാള വിമർശനത്തിൽ പ്രയോഗിച്ചത്?
   A) മുണ്ടശ്ശേരി  B) കുട്ടിക്കൃഷ്ണമാരാർ
   C) എ.ബാലകൃഷ്ണപിള്ള  D) കുറ്റിപ്പുഴ കൃഷ്ണപിള്ള

6. സാറാ ജോസഫിന്റെ ചെറുകഥാസമാഹാരമേത്?
   A) ഒരു ലസ്ബിയൻ പശു  B) മീരാസുധ
   C) പാപത്തറ  D) ഭ്രാന്തൻപൂക്കൾ

7. ദ്രാവിഡവൃത്തമേത്?
   A) ശാർദ്ദൂലവിക്രീഢിതം  B) സ്രഗ്ധര
   C) മന്ദാക്രാന്ത  D) അന്നനട

8. അറിന്തു അറിഞ്ഞു ആകുന്നത് ഏതു നയപ്രകാരമാണ്?
   A) അനുനാസികാതിപ്രസരം  B) താലവ്യാദേശം
   C) അംഗഭംഗം  D) പുരുഷഭേദനിരാസം

9. വിഭക്ത്യന്തപദത്തോട് ഗതിചേർന്നു വന്നാൽ
   A) വിഭക്ത്യാഭാസം  B) നിഗീർണ്ണകർത്തൃകം
   C) സമാസം  D) മിശ്രവിഭക്തി

10. 'ചെന്താമര'ഇതിലെ ഭേദകം ഏതു വിഭാഗത്തിൽപ്പെടുന്നു?
   A) പാരിമാണികം  B) വിഭാവകം
   C) ശുദ്ധം  D) സാംഖ്യം

11. ‘പീറജീവിതവെറ്റിലയിന്മേൽ
നൂറുതേയ്ക്കും നിൻപരിഹാസം’ ആരുടെ വരികളാണിത്?
A) വൈലോപ്പിള്ളി B) ജി.ശങ്കരക്കുറുപ്പ്
C) എം.പി.അപ്പൻ D) ജി.കുമാരപിള്ള

12. സ്ത്രീയുടെ സ്വത്വപ്രതിഷ്ഠാപനം പ്രമേയമാകുന്ന നാടകം
A) പാട്ടബാക്കി B) ക്രോസ്ബെൽറ്റ്
C) ബന്ദി D) കന്യക

13. ധ്വനിദർശനം അവതരിപ്പിച്ചതാര്?
A) ദണ്ഡി B) വാമനൻ
C) ഭരതമുനി D) ആനന്ദവർദ്ധനാചാര്യർ

14. എസ്.കെ.പൊറ്റക്കാടിന്റെഎതുനോവലിനെപുരസ്കരിച്ചാണ് അദ്ദേഹത്തിനു ജ്ഞാനപീഠം നൽകിയത്?
A) കറാമ്പു B) ഒരു തെരുവിന്റെ കഥ
C) ഒരു ദേശത്തിന്റെ കഥ D) വിഷകന്യക

15. ഒരു ക്രിയയ്ക്ക് രണ്ടു കർമ്മമുണ്ടായാൽഅത്?
A) പ്രയോജക ക്രിയ B) നിഗീർണ്ണ കർത്തൃകം
C) വിശിഷ്ട ക്രിയ D) സകർമ്മകം

16. സി.എം.എസ് പ്രസ് സ്ഥാപിച്ചതാര്?
A) ഹെർമ്മൻ ഗുണ്ടർട്ട് B) ബെഞ്ചമിൻ ബെയ്ലി
C) ജോർജ്ജ് മാത്തൻ D) റിച്ചെഡ് കോളിൻസ്

17. ബുദ്ധപ്രശസ്തിയോടെ ആരംഭിക്കുന്ന ശാസനം
A) പാലിയം ശാസനം B) വാഴപ്പിള്ളി ശാസനം
C) ജൂത ശാസനം D) തിരുവല്ലാ ശാസനം

18. കേരളസംസ്കാര നിഘണ്ടു രചിച്ചതാര്?
A) ഇളംകുളം കുഞ്ഞൻപിള്ള B) എം.ജി.എസ്.നാരായണൻ
C) എം.ആർ.രാഘവ വാര്യർ D) എസ്.കെ.വസന്തൻ

19. ‘വക്കീൽ’ ഏതുഭാഷയിൽനിന്ന് മലയാളം കടംകൊണ്ട പദമാണ്?
A) പേഴ്സ്യൻ B) പോർച്ചുഗീസ്
C) പ്രാകൃതം D) അറബിക്

20. അർദ്ധസമവൃത്തമേത്?
A) കുസുമ മഞ്ജരി B) ശാർദ്ദൂലവിക്രീഡിതം
C) പുഷ്പിതാഗ്ര D) ഉദ്ഗത

21. “പോരാ പോരാ നാളിൽ നാളിൽ ദൂരദൂരമുയരട്ടെ
ഭാരതക്ഷ്മാദേവിയുടെ തൃപ്പതാകകൾ”.ആരുടേതാണ് ഈ വരികൾ?
   A) ബോധേശ്വരൻ  B) നാലപ്പാട്ടു നാരായണമേനോൻ
   C) വള്ളത്തോൾ  D) കുറ്റിപ്പുറത്തു കേശവൻ നായർ

22. അഞ്ചു ക്രൂര കവിതകൾ എഴുതിയതാര്?
   A) ചെമ്മനം ചാക്കോ  B) പി.നാരായണക്കുറുപ്പ്
   C) സച്ചിദാനന്ദൻ  D) അയ്യപ്പപ്പണിക്കർ

23. “മുരളീരാഗ മധുരമുഖനാമൊരു യാത്രികൻ
വരും വിളിക്കും ഞാൻപോകും വാതിൽപൂട്ടാതെയക്ഷമം”. ആരുടെ വരികൾ?
   A) കെ.കെ.രാജ  B) ജി.ശങ്കരക്കുറുപ്പ്
   C) ബാലാമണിയമ്മ  D) ആറ്റൂർ രവിവർമ്മ

24. ഇരയിമ്മൻതമ്പിയുടെ ആട്ടക്കഥയേത്?
   A) രാവണവിജയം  B) നിവാതകവച കാലകേയവധം
   C) കീചകവധം  D) നളചരിതം

25. തുലുക്ക കാശിനെ ക്കുറിച്ചു പരാമർശമുള്ള ചമ്പു?
   A) ഉണ്ണിയാടീ ചരിതം  B) ഉണ്ണിച്ചിരുതേവീ ചരിതം
   C) രാമായണം ചമ്പു  D) നൈഷധം ചമ്പു

26. ‘ബർസ’ ഏതുവിഭാഗത്തിൽപ്പെട്ട കൃതി?
   A) നാടകം  B) നോവൽ
   C) ആത്മകഥ  D) മതഗ്രന്ഥം

27. ശാകുന്തളത്തിൽ കാലത്തിന്റെ ദാസനായ കാളിദാസൻ ദുഷ്യന്തനെ വെള്ള പൂശാൻ ശ്രമിക്കുകയാണെന്നു വാദിച്ച വിമർശകൻ?
   A) മുണ്ടശ്ശേരി  B) സി.എസ്.നായർ
   C) ഡോ.കെ.ഭാസ്കരൻനായർ  D) കുട്ടിക്കൃഷ്ണമാരാർ

28. തതജര എന്ന ഗണവ്യവസ്ഥ ഏതുവൃത്തത്തിന്റേതാണ്?
   A) ദ്രുതവിളംബിതം  B) ഭുജംഗപ്രയാതം
   C) ഇന്ദുവദന  D) ഇന്ദ്രവംശ

29. കാല്പനിക പ്രണയത്തെ ഹാസ്യാത്മകമായി വിമർശിക്കുന്ന കാവ്യം?
   A) രമണൻ
   B) അത്രമേൽ സ്നേഹിക്കയാൽ
   C) പ്രേമം മധുരമാണ് ധീരവുമാണ്
   D) കൊച്ചുതൊമ്മൻ

30. ‘സംസ്കാരത്തിന്റെ നാഴികക്കല്ലുകൾ’ ആരുടെ കൃതി?
   A) ഡോ.സ്കറിയ സക്കറിയ  B) കെ.കെ.എൻ.കുറുപ്പ്
   C) എം.പി.വീരേന്ദ്ര കുമാർ  D) ഇളംകുളം കുഞ്ഞൻപിള്ള

31. “ഒന്നാമതായിട്ടണിയറയ്ക്കുള്ളിൽ നീ
ചെന്നുടൻ പറ്റിയ തെറ്റുതിരുത്തുകിൽ
വിട്ടുപോകേണ്ട നീയോഗം, കരയേണ്ട
മാറ്റിത്തമെല്ലാമെരിചാമ്പാലാം സ്വയം”  – ഏതു കാവ്യത്തിലെ വരികൾ?
   A) കളിയച്ഛൻ  B) ഒരുദ്ബോധനം
   C) മൃഗയ  D) ശുദ്ധരിൽശുദ്ധൻ

32. സുഗതകുമാരിക്കു സരസ്വതിസമ്മാൻ നേടിക്കൊടുത്ത കൃതി
   A) ദേവദാസി  B) പാവം മാനവഹൃദയം
   C) മണലെഴുത്ത്  D) തുലാവർഷപ്പച്ച

33. ‘ലോർക്കയുടെ നഗരത്തിലൂടെ’ ഈ യാത്രാവിവരണഗ്രന്ഥം എഴുതിയതാര്?
   A) എസ്.കെ.പൊറ്റക്കാട്  B) എം.കെ.രാമചന്ദ്രൻ
   C) പവനൻ  D) വി.കെ.ജോസഫ്

34. ഗ്രാന്റ്സ്ക്കൂൾ അദ്ധ്യാപകരുടെ ജീവിതവ്യഥ പകർത്തിയ കഥാകാരൻ
   A) ബഷീർ  B) കാരൂർ
   C) കേശവദേവ്  D) പൊൻകുന്നം വർക്കി

35. മലയാളം ആദിദ്രാവിഡ ഭാഷയുടെ സ്വതന്ത്രശാഖയാണെന്നു വാദിച്ചത്?
   A) ആറ്റൂർ കൃഷ്ണപിഷാരടി  B) എ.ആർ.രാജരാജ വർമ്മ
   C) ഉള്ളൂർ  D) ഇളംകുളം കുഞ്ഞൻപിള്ള

36. “ദേഹം നശ്വരമാർക്കു മി ങ്ങതൊരുവൻ
    കാത്താലിരിക്കാ,സ്ഥിര –
സ്നേഹത്തെക്കരുതി സ്വയം കഴികിൽനൂ –
    റാവർത്തിചത്തീടുവിൻ”
കുമാരനാശാന്റെ ഏതുകൃതിയിലെ വരികളാണിത്?
   A) നളിനി  B) ലീല
   C) ചിന്താവിഷ്ടയായസീത  D) പ്രരോദനം

37. "കണ്ഠേനല്ല കറുപ്പുമുണ്ടൊരു മുറി
സ്സോമൻ ജടാന്ത സ്ഥലേ
പണ്ടേയുള്ളൊരു വെള്ളമുണ്ടുതലയിൽ
കണ്ടാലതും വിസ്മയം
ഉണ്ടേ നിൻകലൊരെട്ടുനല്ലകരയു-
ണ്ടെന്നല്ല രുദ്രാവലീ
ശ്രീകണ്ഠേശ്വര, പിന്നെയും വെറുതെ നീ
തോൽമുണ്ടുടുത്തീടൊലാ" – ഈ മുക്തകം എഴുതിയതാര്?

A) വെണ്മണി മഹൻ B) കോട്ടയത്തു തമ്പുരാൻ
C) രാമക്കുറുപ്പ് മുൻഷി D) മഴമംഗലം

38. ഉത്തങ്കോപാഖ്യാനത്തെ ആസ്പദമാക്കി എൻ.എൻ.കക്കാടെഴുതിയ കാവ്യം

A) പാതാളത്തിന്റെ മുഴക്കം
B) ആയിരത്തി തൊള്ളായിരത്തി അറുപത്തിമൂന്ന്
C) ശലഭഗീതം
D) വജ്രകുണ്ഡലം

39. 'ബ്യൂറോക്രസി' പ്രമേയമായി വരുന്ന മലയാള നോവൽ

A) യന്ത്രം B) പ്രവാസം
C) ദൽഹി D) ആകാശത്തിലെ പറവകൾ

40. മലയാളത്തിലെ അലിംഗബഹുവചന പ്രത്യയം

A) അൻ B) മാർ
C) കൾ D) അർ

41. ബഹുവചനസൂചകമായി നപുംസകപദങ്ങളോട് ചേർക്കുന്ന പ്രത്യയമേത്?

A) മാർ B) കൾ
C) അർ D) പ്രത്യയം ചേർക്കേണ്ടതില്ല

42. അനുജ്ഞായക പ്രകാരമേത്?

A) പറയട്ടെ B) ഇളക്കണം
C) വരാം D) പോകിൻ

43. ഘടനാവാദ ഭാഷാശാസ്ത്രത്തിന്റെ പിതാവ്

A) ഓട്ടോ ജെസ്പേഴ്സൻ B) ബ്ലൂംഫീൽഡ്
C) ചോംസ്കി D) സൊസ്സൂർ

44. പച്ച മലയാള കാവ്യമേത്?

A) നങ്ങേമക്കുട്ടി B) അമരുകശതകം
C) പാക്കനാർ D) നടക്കട്ടെ ഞാൻ

45. മലയാളത്തിലെ മികച്ച പ്രബോധനാത്മക കവിയാണ്

A) ചങ്ങമ്പുഴ B) റഫീക്ക് അഹമ്മദ്

C) ഉള്ളൂർ D) വിജയലക്ഷ്മി

46. ഏതു നോവലിലെ ദമ്പതിയാണ് തങ്ങളുടെ കുട്ടിയ്ക്ക് ആകാശമിഠായി എന്ന് പേരിടാൻ തീരുമാനിക്കുന്നത്?

A) മിണ്ടാപ്പെണ്ണ് B) പ്രേമലേഖനം

C) തട്ടകം D) പണിതീരാത്തവീട്

47. ഗ്രേസിയുടെ ചെറുകഥയേത്?

A) വിതയ്ക്കുന്നവന്റെ ഉപമ B) അതാ ഒരുപല്ലി

C) അഗ്നി D) ഓർമ്മയുടെ ഞരമ്പ്

48. പുരുഷഭേദ നിരാസം നിരാസമല്ല അഭാവമാണ് എന്നുവാദിച്ചത്?

A) തിരുനല്ലൂർ കരുണാകരൻ

B) ഡോ.കെ.എം.ജോർജ്

C) എൻ.വി.രാമസ്വാമി അയ്യർ

D) ഇളംകുളം കുഞ്ഞൻപിള്ള

49. 'ആത്മാവിന്റെ മുറിവുകൾ' ആരുടെ കഥകളെക്കുറിച്ചുള്ള പഠനമാണ്?

A) എം.ടി.വാസുദേവൻ നായർ

B) മാധവിക്കുട്ടി

C) ടി.പത്മനാഭൻ

D) പാറപ്പുറം

50. കവിത വികാരത്തിൽ നിന്നുള്ള വിമോചനമാണെന്നു വാദിച്ച വിമർശകൻ?

A) ഐ.എ.റിച്ചെഡ്സ് B) അരിസ്റ്റോട്ടിൽ

C) ലോഞ്ജിനസ് D) ടി.എസ്.എലിയട്ട്

51. "തോലുരിച്ചൊരു പോത്തിൻ
മുതുകിൽ കുരുക്കുമാ
യാരു നില്ക്കുന്നു
അച്ഛനോ ആരാച്ചാരോ?" – ആരുടേതാണ് ഈ വരികൾ?

A) എ.അയ്യപ്പൻ B) വിനയചന്ദ്രൻ

C) ബാലചന്ദ്രൻ ചുള്ളിക്കാട് D) എം.ബി.മനോജ്

52. തണ്ടാന്മാരുടെ ഇടയിലെ ബഹുഭർതൃത്വത്തെ ആസ്പദമാക്കിയെഴുതിയ കവിത

A) പാഞ്ചാലി B) കലംകാരി

C) റാണി D) നീലക്കണ്ണുകൾ

53. മനുഷ്യന്റെ നിത്യജീവിതത്തിലെ ധർമ്മസങ്കടങ്ങളെക്കുറിച്ച് ആഖ്യാനാത്മക കവിതകളെഴുതിയ കവി?

A) ഇടശ്ശേരി B) പി.പി.രാമചന്ദ്രൻ

C) ഒളപ്പമണ്ണ D) നീലമ്പേരൂർ മധുസൂധനൻ നായർ

54. ഒ.വി.വിജയന്റെ രാഷ്ട്രീയോപഹാസ നോവൽ

A) മധുരംഗായതി B) ധർമ്മപുരാണം

C) തലമുറകൾ D) ഗുരുസാഗരം

55. സമാസവിഭക്തിയ്ക്ക് ഉദാഹരണം

A) രാമന്റെ B) ഭൂമിയിൽ

C) രാമൻനിമിത്തം D) സീതയുടെ

56. 'എപ്രൈമർ ഓഫ് ഫോണോളജി' എഴുതിയത്?

A) ബിഷപ്പ് കാൽഡ്വൽ B) ഹെർമ്മൻ ഗുണ്ടർട്ട്

C) റിച്ചെഡ് കോളിൻസ് D) എൽ.വി.രാമസ്വാമി അയ്യർ

57. മലയാളം ഏതു കക്ഷ്യയിൽപ്പെട്ട ഭാഷയാണ്?

A) പ്രാകൃത കക്ഷ്യ B) വൈകൃത കക്ഷ്യ

C) അപഗ്രഥന കക്ഷ്യ D) സംശ്ലിഷ്ട കക്ഷ്യ

58. ആക്ഷേപ ഹാസ്യകവിതയുടെ രചനയിൽത്തന്നെ മാറ്റമില്ലാതെ ഉറച്ചുനിന്നകവി

A) പി.നാരായണക്കുറുപ്പ് B) എൻ.കെ.ദേശം

C) കല്പറ്റ നാരായണൻ D) ചെമ്മനംചാക്കോ

59. കേരളപാണിനീയത്തെ സമഗ്രമായി വിമർശിച്ച വൈയാകരണൻ?

A) സി.എൽ.ആന്റണി B) എൻ.എൻ.മൂസത്

C) ശേഷഗിരി പ്രഭു D) ജോർജ് മാത്തൻ

60. ശാസ്ത്രഗവേഷണ മേഖലയിലെ കെടുകാര്യസ്ഥത ആവിഷ്കൃതമാകുന്ന നോവൽ

A) പുള്ളിപ്പുലികളും വെള്ളിനക്ഷത്രങ്ങളും

B) മറുപിറവി

C) ചരമവാർഷികം

D) മരുഭൂമികളുണ്ടാകുന്നത്

61. ദക്ഷിണേന്ത്യയിലെ പ്രസിദ്ധമായ ബുദ്ധമത തീർത്ഥാടന കേന്ദ്രമായിരുന്നു

A) കൂടൽമാണിക്യക്ഷേത്രം B) തൃക്കണാമതിലകം

C) ശ്രീമൂലവാസം D) കല്ലിൽ

62. തിരു + ഓണം = തിരുവോണം. – ഏതുസന്ധി?
A) ലോപം B) ആഗമം
C) ദ്വിത്വം D) ആദേശം

63. സ്വാമികാരകം ഏതുവിഭക്തിയുടേതാണ്?
A) നിർദ്ദേശിക B) സംബന്ധിക
C) ഉദ്ദേശിക D) ആധാരിക

64. "ഇവയിൽ തമിഴ് മലയാളങ്ങൾ ഒരു ഭാഷയുടെതന്നെ രൂപാന്തരങ്ങൾ ആകുന്നു വെന്ന് മുൻപുതന്നെ പ്രസ്താവിച്ചല്ലോ". ആരാണു പ്രസ്താവിച്ചത്?
A) ഡോ.ഗോദവർമ്മ B) ഇളംകുളം
C) എ.ആർ.രാജരാജവർമ്മ D) വടക്കുംകൂർ

65. ഡി.വിനയചന്ദ്രന്റെ കവിതാസമാഹാരമേത്?
A) ഡ്രാക്കുള B) മറന്നുവച്ചവസ്തുക്കൾ
C) സമസ്തകേരളം പി.ഒ D) കരോൾ

66. "ഉദാസീനമായ് ചൂളംവിളിച്ചുകൊണ്ട്
അവൾ
തെരുവിലൂടെ നീങ്ങുന്നു
നിസ്സംഗമാം തെരുവ്
നിസ്തോഭമായൊരു ഹൃദയം
തീവെയിൽ തിളയ്ക്കും വഴിയിലൂടെ
സ്വന്തം നിഴൽപോലും തുണവേണ്ടാതവൾ
അകലേയ്ക്കകലേയ്ക്കകലേയ്ക്ക്" – ഏതു ഭാവുകത്വത്തെയാണ് ഇത് അടയാളപ്പെടുത്തുന്നത്?
A) പുരോഗമനപ്രസ്ഥാനം B) ഫെമിനിസം
C) ദളിതിസം D) കാല്പനികം

67. പുരുഷപ്രത്യയത്തെ പരാമർശിക്കുന്ന കാരികയേത്?
A) ഏകസ്മിൻയഥാലിംഗം
B) സപ്തമശ്ച
C) ഇച്ഛജാതി പുംയോഗയോ:
D) ക്രിയായാം കാലത്രയേപ്രയോഗദിതം

68. ലീലാതിലകകാരൻ വിധിക്കുന്ന സ്ത്രീലിംഗ പ്രത്യയമേത്?
A) ൾ B) അൾ
C) മാർ D) കൾ

69. ചങ്ങമ്പുഴ, ഗീതാഗോവിന്ദം വിവർത്തനം ചെയ്തത് ഏതു പേരിലാണ്?
A) ദേവഗീത B) ദിവ്യഗീതം

C) അഷ്ടപദി D) ഉദ്യാനലക്ഷ്മി

70. 'എൻ ചുണ്ടിലൊട്ടിടയ്ക്കൂറിയ മാധുരി
നിൻ ചുണ്ടിനുള്ളതോ ലിപ്സ്റ്റിക്കിനുള്ളതോ?' ആരുടേതാണ് ഈവരികൾ?
A) കുഞ്ഞുണ്ണി B) എൻ.വി.കൃഷ്ണവാര്യർ
C) എ.അയ്യപ്പൻ D) കെ.ജി.ശങ്കരപ്പിള്ള

71. പി.കെ.പരമേശ്വരൻ നായർ എഴുതിയ ജീവചരിത്രഗ്രന്ഥം
A) സഹോദരൻ അയ്യപ്പൻ
B) സാക്ഷാൽ സി.വി
C) ചങ്ങമ്പുഴ നക്ഷത്രങ്ങളുടെ സ്നേഹഭാജനം
D) സാഹിത്യപഞ്ചാനനൻ

72. 'മക്കളെ പെറ്റുള്ളോരമ്മമാർക്കാർക്കുമേ-
യുൾക്കാമ്പിൽ വേദനയെത്തിയില്ലേ' – ഏതു കാവ്യത്തിലെ വരികളാണിത്?
A) ജ്ഞാനപ്പാന B) ഹരിനാമകീർത്തനം
C) ഭാരതമാല D) കൃഷ്ണഗാഥ

73. വള്ളത്തോളിന്റെ സമ്പൂർണ്ണമായ ജീവചരിത്രമെഴുതിയതാര്?
A) കുറ്റിപ്പുറത്തു കിട്ടുണ്ണി നായർ
B) നാലപ്പാട്ടു നാരായണ മേനോൻ
C) വി.ഉണ്ണികൃഷ്ണൻ നായർ
D) പുത്തേഴത്തു രാമൻമേനോൻ

74. "ഒഴികൊഴിക ദശവദന !ശൃണുമമ വചോഭവാ –
നൊല്ലാത കാര്യ മോരായ്കമൂഢപ്രഭോ"– രാവണനോടിങ്ങനെ പറഞ്ഞതാര്?
A) സീത B) അംഗദൻ
C) ഹനുമാൻ D) മണ്ഡോദരി

75. 'ആപത്കരമായ യാത്ര' ഈ യാത്രാവിവരണമെഴുതിയതാരാണ്?
A) എൻ.വി.കൃഷ്ണവാര്യർ
B) കെ.പി.എസ്.മേനോൻ
C) കെ.എം.പണിക്കർ
D) എസ്.കെ.പൊറ്റക്കാട്

76. 'അമ്പേറ്റുപിടയുമ്പോൾ നാം
അൻപിനാലലിവാർന്നിടും
നമ്മെ എയ്തിട്ട വേടനും
നന്മനേരാൻ മറന്നിടാ'–അയ്യപ്പപ്പണിക്കരുടെ ഏതു കാവ്യത്തിലെ വരികളാണിത്?

A) കുരുക്ഷേത്രം B) പകലുകൾ രാത്രികൾ
C) മൃത്യുപൂജ D) ഗോത്രയാനം

77. മലയാളത്തിലെ ലക്ഷണമൊത്ത രാഷ്ടീയനോവലാണ്
A) ഫ്രാൻസിസ് ഇട്ടിക്കോര B) കണ്ണാടി
C) ചുവപ്പുനാട D) ദൈവത്തിന്റെ കണ്ണ്

78. 'കൊച്ചുചക്കരച്ചി' ആരുടെ ഉപന്യാസ സമാഹാരമാണ്?
A) എസ്.ഗുപ്തൻ നായർ B) ലളിതാംബിക
C) വി.കെ.ശ്രീരാമൻ D) എ.പി.ഉദയഭാനു

79. ആരുടെ ഗ്രന്ഥശേഖരത്തിൽ നിന്നാണ് പയ്യന്നൂർപാട്ടിന്റെ പൂർണ്ണരൂപം കണ്ടെത്തിയത്?
A) സുകുമാർ അഴിക്കോട്
B) ചിറയ്ക്കൽ ടി.ബാലകൃഷ്ണൻ നായർ
C) ചേലനാട് അച്യുതമേനോൻ
D) ഹെർമ്മൻ ഗുണ്ടർട്ട്

80. തെക്കൻപാട്ടേത്?
A) ചെങ്ങന്നൂരാത്രി B) ഉലകുടയപെരുമാൾ പാട്ട്
C) മതിലേരിക്കന്നി D) തച്ചോളിപ്പാട്ട്

81. ആറാം ദിവസം ദൈവം
മണ്ണാൽ സൃഷ്ടിച്ചു മർത്ത്യനെ
ഏഴാം ദിവസം മർത്ത്യൻ
കല്ലാൽ ദൈവത്തേയും തഥാ – ഏതു വിഭാഗത്തിൽപ്പെട്ട കവിത
A) നാടൻപാട്ട് B) ഗീതകം
C) മുക്തകം D) എപ്പിഗ്രാം

82. അന്തർജ്ഞാനത്തിന്റെ ആവിഷ്കാരമാണ് കവിത എന്നുവാദിച്ച വിമർശകൻ?
A) മാത്യു അർനോൾഡ് B) ബനഡിറ്റോ ക്രോച്ചെ
C) ജോൺ ക്രോറാൻസം D) ലോഞ്ജിനസ്

83. അനുവാചകനിലെ സ്ഥായി ഭാവം രസമായി അഭിവ്യക്തമാവുകയാണ് എന്നു വാദിച്ച ആചാര്യൻ?
A) ഭട്ടലൊല്ലടൻ B) ശങ്കുകൻ
C) അഭിനവഗുപ്തൻ D) കുന്തകൻ

84. എ.അയ്യപ്പന്റെ വരികളേത്?

A) കുറേനാളായുള്ളിലൊരുത്തി
തൻജഡം അളിഞ്ഞുനാറുന്നു

B) ആദിരേതസേപുള
ഞ്ഞാടുകെൻ ഹൃദന്തത്തിൽ
സ്ഫോടമായ്, നാദബ്രഹ്മ
സാരമായ് എന്നാത്മാവിൽ

C) ചെന്നിനായകം കയ്ക്കുന്ന
ചുണ്ടിലൂടമ്മ യോർമ്മയായ്
സ്വപ്നത്തിൽ മധുരംതന്ന
രക്തസാക്ഷിയാണെന്റച്ഛൻ

D) ആരുവാങ്ങുമിന്നാരുവാങ്ങുമീ
യാരാമത്തിന്റെ രോമാഞ്ചം

85. പ്രതിഭയെ കാരയത്രിയെന്നും ഭാവയത്രിയെന്നും വിഭജിച്ചതാര്?

A) രാജശേഖരൻ B) ദണ്ഡി
C) വാമനൻ D) ഭാമഹൻ

86. 'പയ്യൻ' മുഖ്യകഥാപാത്രമായി വരുന്ന നോവൽ?

A) വിഭജനങ്ങൾ B) പാടാത്തപൈങ്കിളി
C) ആരോഹണം D) പ്രവാസം

87. കെ.ആർ.ടോണിയുടെ കവിതയെ വ്യതിരിക്തമാക്കുന്നത്

A) സംഗീതാത്മകത
B) കാല്പനികബിംബങ്ങളുടെ സമൃദ്ധി
C) ഐറണിയുടെയും പാരഡിയുടെയും പ്രയോഗം
D) ഘടനാപരമായ ശൈഥില്യം

88. ഭാരതീയ ആഖ്യാനസമ്പ്രദായമനുസരിച്ച് ഉറൂബ് എഴുതിയ നോവൽ

A) സുന്ദരികളും സുന്ദരന്മാരും
B) അമ്മിണി
C) ഉമ്മാച്ചു
D) മിണ്ടാപ്പെണ്ണ്

89. 'അകൃത്രിമദ്യുതിരനവദ്യേയം, അടുത്തുചെന്നിനി അനുപശ്യേയം
ആകൃതി കണ്ടാലതിരംഭേയം, ആരാലവൾ തന്നധരംപേയം!

അന്ത്യപ്രാസം കൃത്യമായി പാലിക്കുന്ന ഈ വരികൾ ആരു പറയുന്നതാണ്?

A) നളൻ B) പുഷ്കരൻ

C) കാട്ടാളൻ D) ദേവേന്ദ്രൻ

90. "നീലവാനിനുതാഴെ പച്ചനാക്കിലവെച്ച
പോലൊരു നാടുണ്ടെൻ കണ്ണെപ്പൊഴുമെത്തും ദിക്കിൽ"
കേരളത്തെ ഇങ്ങനെ വർണ്ണിച്ചതാര്?

A) പാലാ നാരായണൻനായർ B) ബാലാമണിയമ്മ

C) പി.കുഞ്ഞിരാമൻനായർ D) നാലാങ്കൽ കൃഷ്ണപിള്ള

91. മലയാളത്തിലെ ആദ്യത്തെ സാഹിത്യചരിത്രം

A) മലയാള ഭാഷാ ചരിത്രം

B) കേരള സാഹിത്യ ചരിത്രം

C) കേരള ഭാഷാസാഹിത്യ ചരിത്രം

D) കൈരളിയുടെ കഥ

92. "ഉത്തുംഗരാഗരുചി ചിത്താധിനാഥഗിരമിത്ഥം നിശമ്യനൃപകന്യ"
എന്നാരംഭിക്കുന്ന ദണ്ഡകം ഏതു കാവ്യത്തിലേത്?

A) രാമായണം ചമ്പു

B) നൈഷധം ചമ്പു

C) കാലകേയവധം ആട്ടക്കഥ

D) ഉത്തരാസ്വയംവരം

93. ബാബറിമസ്ജിദ് തകർത്ത സംഭവുമായി ബന്ധപ്പെട്ട് എൻ.എസ് മാധവൻ എഴുതിയ കഥ

A) കാണി B) തിരുത്ത്

C) ഹിഗ്വിറ്റ D) നാലാംലോകം

94. വിദ്വാൻ പി.കേളുനായർ – ഏതു സാഹിത്യവിഭാഗത്തിനാണ് സംഭാവന നല്കിയത്?

A) ചെറുകഥ B) കവിത

C) സംഗീതനാടകം D) സുഘടിത നാടകം

95. കെ.പി.കറുപ്പനെഴുതിയ നാടകം ഏത്?

A) മറിയാമ്മാ നാടകം B) പരീക്ഷ

C) ചക്കീചങ്കരം D) ബാലാകലേശം

96. മലയാള ചെറുകഥയ്ക്ക് ദളിത്ഭാവുകത്വത്തിന്റെ മാനം നല്കിയ എഴുത്തുകാരൻ

A) കേശവദേവ് B) ജി.എൻ.പണിക്കർ

C) ടി.കെ.സി.വടുതല D) സാറാ തോമസ്

97. “പണ്ടൊരുകാലത്ത് പരസ്യമായി അമ്മയോ അച്ഛനോ ഇല്ലാത്ത ഒരു യുവാവുണ്ടായിരുന്നു . അയാൾ വളരെകൊലപാതകം ചെയ്തു”. ഏതു നോവലാണ് ഇങ്ങനെ ആരംഭിക്കുന്നത്?

A) മുച്ചീട്ടുകളിക്കാരന്റെ മകൾ B) ശബ്ദങ്ങൾ
C) നടി D) പതിതപങ്കജം

98. ‘വഴിയരുകിലെ കാഫ്ക’ ആരുടെ ചെറുകഥ?

A) കെ.രേഖ B) പ്രിയ എ.എസ്
C) ബി.മുരളി D) എൻ.പ്രഭാകരൻ

99. “അലംകൃതമായ വൈരൂപ്യത്തെക്കാൾ ശ്രേഷ്ഠമല്ലേ അനലംകൃതമായ സൗന്ദര്യം” ആരുടേതാണ് ഈ നിരീക്ഷണം?

A) എം.പി.പോൾ B) സി.അന്തപ്പായി
C) സി.പി.അച്യുതമേനോൻ D) സി.എസ്.നായർ

100. “പേപിടിച്ച ലോകം, കഴുകന്മാർ, തിരുമ്പിവന്താൻതമ്പി, രക്ഷാപുരുഷൻ അവതരണം ഭ്രാന്താലയം, അണ്ടനും അടകോടനും തുടങ്ങി എല്ലാ കോമഡികളിലും മനുഷ്യാനുഭവങ്ങളുടെ സർവതലസ്പർശിയായ പ്രയോഗരീതി ദൃശ്യമാണ്” .ആരുടേതാണ് ഈ നാടകങ്ങൾ?

A) ജി.ശങ്കരപ്പിള്ള
B) എൻ.കൃഷ്ണപിള്ള
C) വയലാ വാസുദേവൻപിള്ള
D) കെ.റ്റി.മുഹമ്മദ്

101. “താൻ ജീവിതത്തിൽ കാതലായികാണുന്നതെന്തോ അതിനോട് പക്ഷപാതം വെളിപ്പെടുത്തലാണ്. ആയിരിക്കണം ഓരോരുത്തന്റേയും സാഹിത്യ പരിശ്രമം”. ആരുടേതാണ് ഈ വാദം?

A) സാഹിത്യപഞ്ചാനനൻ
B) കുട്ടികൃഷ്ണമാരാർ
C) ഡോ.കെ.ഭാസ്കരൻനായർ
D) ഡോ.പി.വി.വേലായുധൻപിള്ള

102. ‘കണ്ണീരുംമഴവില്ലും’എന്ന പുസ്തകത്തിൽ എം.ലീലാവതി ചർച്ച ചെയ്യുന്നതെന്ത്?

A) ആദിപ്രരൂപങ്ങളെക്കുറിച്ച്
B) മലയാളത്തിലെ കാല്പനിക കവിതയെക്കുറിച്ച്
C) വിലാപകാവ്യങ്ങളെക്കുറിച്ച്
D) ജി യുടെ കവിതയെക്കുറിച്ച്

103. “മറ്റുവിമർശകർ കാവ്യം എന്ന കേന്ദ്രത്തിനു ചുറ്റും ഭ്രമണം ചെയ്തു കൊണ്ടിരുന്നപ്പോൾ മലയാള നാടകങ്ങളെ അഭാരതീയമായ മാനദണ്ഡങ്ങൾ കൊണ്ട് നിശിതമായി വിമർശിച്ച നിരൂപകൻ”?

A) ഡോ.കെ.എൻ.എഴുത്തച്ഛൻ

B) സാഹിത്യപഞ്ചാനനൻ
C) സി.അന്തപ്പായി
D) എസ്.ഗുപ്തൻ നായർ

104. "മലയാളവ്യവഹാരഭാഷയുടെ സംക്രമംമൂലം ചെന്തമിഴ് അധ:പതിക്കുകയും തന്മൂലം അബദ്ധരൂപങ്ങൾ ഒട്ടേറേ അതിൽ കടന്നുകൂടുകയും ചെയ്തകാലത്താണ് ഭാഷാകൗടലീയത്തിന്റെ നിർമ്മിതി. വ്യാകരണപരമായ തികഞ്ഞ അരാജകത്വവും അവ്യവസ്ഥയുമാണ് അക്കാലത്തിന്റെ പ്രത്യേകത". ആരുടേതാണ് ഈ പ്രസ്താവം?
A) ഇളംകുളം B) കെ.എം.പ്രഭാകര വാര്യർ
C) സി.എൽ.ആന്റണി D) എ.സി.ശേഖർ

105. 'കടുക്ക' ആരുടെ നാടകം?
A) ഇബ്രാഹം വെങ്ങര B) പി.എം.താജ്
C) ടി.എം.എബ്രഹാം D) നരേന്ദ്രപ്രസാദ്

106. കേരളഭാഷാ ഇൻസ്റ്റിസ്റ്റ്യൂട്ടിന്റെ സ്ഥാപക ഡയറക്ടർ
A) എ.എൻ.പി.ഉമ്മർകുട്ടി B) എം.ആർ.തമ്പാൻ
C) എൻ.വി.കൃഷ്ണവാര്യർ D) ഡോ.കെ.എം.ജോർജ്

107. തനതുനാടകത്തിനു ഉദാഹരണമാണ്
A) സൗപർണ്ണിക B) ആ മനുഷ്യൻ നീ തന്നെ
C) കരിങ്കുട്ടി D) തുളസീവനം

108. മതിലകം രേഖകൾ എന്തിനെ സംബന്ധിച്ചതാണ്?
A) സാമൂതിരിമാരെ B) കോലത്തുനാടിനെ
C) ഗുരുവായൂർ ക്ഷേത്രത്തെ D) പത്മനാഭസ്വാമി ക്ഷേത്രത്തെ

109. 'ചിരിയും ചിന്തയും' – ആരുടെ ഉപന്യാസ സമാഹാരമാണ്?
A) ഇ.എം.കോവൂർ B) പി.ദാമോദരൻ പിള്ള
C) മൂർക്കോത്തു കുമാരൻ D) ഇ.വി.കൃഷ്ണപിള്ള

110. 1938 – ൽ സ്റ്റേറ്റ്കോൺഗ്രസ്സ് രൂപം കൊണ്ടത് ആരുടെ നേതൃത്വത്തിലാണ്?
A) സി.കേശവൻ B) ടി.എം.വർഗ്ഗീസ്
C) പി.കെ.കുഞ്ഞ് D) വി.കെ.വേലായുധൻ

111. 'ശലോമി' ആരുടെ നാടകം?
A) കാവാലം നാരായണപണിക്കർ
B) ടി.എൻ.ഗോപിനാഥൻ നായർ
C) സി.ജെ.തോമസ്
D) ടി.പി.സുകുമാരൻ

112. ഏതു രാജാവിന്റെ കാലത്താണ് തിരുവിതാംകൂറിന്റെ രാജധാനി പത്മനാഭപുരത്തു നിന്ന് തിരുവനന്തപുരത്തേയ്ക്ക് മാറ്റിയത്?
A) മൂലം തിരുനാൾ B) മാർത്താണ്ഡവർമ്മ
C) ധർമ്മരാജാവ് D) സ്വാതിതിരുനാൾ

113. ശുചീന്ദ്രം ക്ഷേത്രത്തിൽ നടന്നുപോന്ന കൈമുക്കിനെക്കുറിച്ചു പരാമർശമുള്ള കാവ്യം
A) ഉണ്ണുനീലി സന്ദേശം B) ചന്ദ്രോത്സവം
C) ശുക സന്ദേശം D) കോക സന്ദേശം

114. കെ.സി.കേശവപിള്ള രചിച്ച നാടകം
A) സദാരാമ B) കരുണ
C) അനാർക്കലി D) ഇ.വി.കൃഷ്ണപിള്ള

115. ഏതുവർഷമാണ് തിരുവിതാംകൂറിൽ സമ്പൂർണ്ണമായ ഒരു ആർട്ട്സ് കോളേജ് സ്ഥാപിച്ചത്?
A) 1866 B) 1861
C) 1867 D) 1872

116. ഏതു സ്ഥാപനമാണ് ഹോർത്തുസ് മലബാറിക്കുസിന്റെ പുനഃപ്രസാധനം നിർവ്വഹിച്ചത്?
A) കേരള ഭാഷാഇൻസ്റ്റിസ്റ്റ്യൂട്ട് B) കേരള സർവ്വകലാശാല
C) മദ്രാസ് സർവ്വകലാശാല D) കേരള സാഹിത്യഅക്കാദമി

117. കേരളകൗമുദി പത്രത്തിന്റെ സ്ഥാപകപത്രാധിപർ ആരായിരുന്നു?
A) കെ.സുകുമാരൻ B) സി.വി.കുഞ്ഞുരാമൻ
C) സഹോദരൻ അയ്യപ്പൻ D) എം.എസ്.മണി

118. മേൽസ്ഥാനത്തുള്ള വർണ്ണം കീഴ്സ്ഥാനത്തുള്ള വർണ്ണമായി മാറുന്നത്
A) വിശിഷ്ടക്രിയ B) വിനാമം
C) ആദേശം D) നിഗീർണ്ണകർത്തൃകം

119. സാധുജനപരിപാലന സംഘം സ്ഥാപിച്ചത് ആര്?
A) അയ്യൻകാളി B) വാഗ്ഭടാനന്ദ ഗുരു
C) കുമാരഗുരുദേവൻ D) ആഗമാനന്ദ സ്വാമികൾ

120. ഗുരുവായൂർ സത്യാഗ്രഹത്തിന്റെ നേതൃത്വം ആർക്കായിരുന്നു?
A) മന്നത്ത് പത്മനാഭൻ B) ടി.കെ.മാധവൻ
C) എ.കെ.ഗോപാലൻ D) കെ.കേളപ്പൻ

..............